# വേദനയുടെ നിറം

**രചന : ശോഭ**

ഇല്ല എവിടെയും കണ്ടില്ല. അവളുടെ ജീവന്റെ ജീവനായ ആ നിധി. സുഗതയ്ക്ക് ആധിയായി, താൻ എത്ര ഭദ്രമായി സൂക്ഷിച്ചിരുന്നതാണ്.കാൽപ്പെട്ടിയിൽ പഴയ തുണികളുടെ അടിയിൽ ഒരു കൈലേസിൽ......വേറെ ആര് എടുക്കുവാനാണ് അവളുടെ ഭർത്താവ് അല്ലാതെ, അയാൾക്ക് ജീവിതം കുടിച്ചു തീർക്കാനുള്ളതാണ്. അതിനുവേണ്ടി അയാൾ എന്തും ചെയ്യും. ഒരു ദിവസം പോലും കുടിക്കാതെ പറ്റില്ലല്ലോ. ദിവസക്കൂലിക്കു പോകുന്ന മോഹന് പണിയില്ലാത്ത ദിവസങ്ങളിൽ ഭ്രാന്താണ്. പകൽ വീട്ടിൽ ചുരുണ്ടു കൂടിയിരിക്കും, വൈകുന്നേരം കള്ളുമോന്താനായി കൈലിമുണ്ട് മടക്കിക്കുത്തി ഇറങ്ങും. കെട്ടുതാലിയുടെ കാൽ ഗ്രാം സ്വർണ്ണം മാത്രമാണ് ആകെയുള്ള സമ്പാദ്യം. അത് കറുത്ത ചരടിൽ പൂജിച്ചു കെട്ടിയ വിലങ്ങുപോലെ സുഗതയുടെ കഴുത്തിൽ തൂങ്ങിയാടുന്നു. വേറെ വില പിടിപ്പുള്ളത് എന്താണ് ആ വീട്ടിൽ? സുഗത താലോലിക്കുന്ന സ്വപ്നങ്ങളും പ്രതീക്ഷകളും! അവളുടെ എട്ടു വയസ്സുള്ള മകൻ മാത്രം.

മോഹൻ എങ്ങിനെ അതു കണ്ടുപിടിച്ചു. സുഗത ഓർമ്മകളിൽ മുങ്ങാംകുഴിയിട്ട് കൊത്തിയെടുത്തു. കല്ല്യാണം കഴിഞ്ഞ അനുരാഗത്തിന്റെ നാളുകളിലെന്നോ സുഗത പറഞ്ഞു കാണും അത് കാണിച്ചും കാണും. പൊട്ടിപ്പെണ്ണ്.

കല്യാണത്തിന് അവളുടെ പ്രീയപ്പെട്ട അച്ഛമ്മ അവൾക്കു കൊടുത്തതാണ് ആ നീല ലോക്കറ്റ്. അതിന് ആകാശത്തിന്റെ നിറമല്ല ആഴക്കടലിന്റെ അല്ല. പിന്നെയോ മുറ്റത്തെ നീല ശംഖുപുഷ്പത്തിന്റെ നിറമുള്ള ലോക്കറ്റിന്റെ ഒത്ത നടക്ക് ഒരു കുഞ്ഞു സ്വർണ്ണ പൂവ്. മുക്കുറ്റി പൂവുപോലെ മനോഹരി, അവളെ അലങ്കരിച്ചുകൊണ്ട് ചുറ്റിലും മണൽത്തരികൾ പോലെയുള്ള കുഞ്ഞു സ്വർണ്ണ മുത്തുകളാൽ ഒരു വൃത്തവും! അതിന്റെ ഗമയും ആ നീല സുന്ദരിക്കുണ്ടായിരുന്നു. ഗമയുടെ മുഴുവൻ ഭാരവും അനുഭവിച്ചത് സുഗതയുടെ കുഞ്ഞുമാല ആയിരുന്നു. ആരും തന്നെ കാണുന്നില്ല എന്ന് അവൾ സുഗതയോട് പരാതി പറഞ്ഞിട്ടുണ്ടാകും. കല്ല്യാണം കഴിഞ്ഞ് താലി ഇടുവാൻ ലോക്കറ്റ് അഴിച്ചുവെച്ചു. ഇപ്പോൾ മാലയുമില്ല ലോക്കറ്റുമില്ല! മത്സര ബുദ്ധിയോടെ ജീവിച്ചവർ എവിടെ, ഇവിടെ മണ്ണാങ്കട്ടയുടെയും കരിയിലയു

ടെയും കഥ പോലെയായി.

സ്വയം എന്തിനും ന്യായീകരണം കണ്ടു പിടിയ്ക്കുന്ന സുഗത യ്ക്കാണോ ആശ്വാസത്തിനു പഞ്ഞം. പെട്ടിയിൽ ഇരിയ്ക്കുന്ന നിധി വല്ല പ്പോഴുമേ ഓർക്കൂ. പക്ഷെ നഷ്ടപ്പെടുമ്പോൾ ഓർമ്മയിലെ തിരകൾ ഒരി ക്കലും അടങ്ങില്ലല്ലോ. അവളുടെ വിലമതിക്കാനാവാത്ത ആ കുഞ്ഞു പത ക്കത്തിൽ ഒരു മിടിയ്ക്കുന്ന ഹൃദയമുണ്ടായിരുന്നു. അതിൽ തൂങ്ങിയാടുന്ന മുലകളുടെ ചൂടും, ചുക്കിച്ചുളിഞ്ഞ കൈവിരലുകളിലെ വാത്സല്യവും, പല്ലി ല്ലാത്ത മോണയിലെ അരിഷ്ട ഗന്ധം കലർന്ന ചുംബനവും ഉണ്ടായിരുന്നു.

അച്ഛമ്മയുടെ സ്നേഹം എവിടെ പോകാനാണ്. അത് അവളുടെ ഹൃദ യത്തിൽ ഒരു സ്മാരക ശിലപോലെ എന്നും ഉണ്ട്. നഷ്ടമായ ലോക്കറ്റ് അച്ഛ മ്മയുടെ വാത്സല്യം നിറഞ്ഞ അടയാളമായിരുന്നു. അതറിയാത്തവർക്ക് അതിന് രണ്ടു ഗ്രാം സ്വർണ്ണത്തിന്റെ വില മാത്രമേയുള്ളു. സുഗതയുടെ വേദന കൊണ്ട് തീഷ്ണമായ നോട്ടത്തിൽ തീർച്ചയായും മോഹനു മുറിവേറ്റു. പക്ഷെ അവൾ അലമുറയിട്ടില്ല. ശണ്ഠ കൂടിയില്ല. പശ്ചാത്താപത്തിന്റെ നീർത്തുള്ളി കൾ അയാളിൽ ഉരുണ്ടു കൂടിയിരുന്നതു കാണാതിരുന്നില്ല സുഗത.

മനസ്സിലെ നഷ്ടങ്ങളുടെ പട്ടികയിലേയ്ക്ക് ഒന്നു കൂടി, എന്നു സുഗ തയ്ക്കു തോന്നിയിരിയ്ക്കും. ആരും കാണാതെ അവൾക്കു മാത്രം ഓമനി യ്ക്കുവാൻ ആ പതക്കം മനസ്സിന്റെ മണി ചെപ്പിൽ പൂട്ടിവയ്ക്കുമ്പോൾ മനസ്സു ചോദിച്ചു" വേദനയുടെ നിറം നീലയാണോ....."